സ്വീകരിച്ചുവരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും മണൽ കൊണ്ടുവരുന്നത് തടസ്സപ്പെടുത്തുന്നില്ല. മണൽ സ്റ്റോക്കുചെയ്ത് വിൽപ്പന നടത്തുവാൻ സഹകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുവാദം നൽകുന്നുണ്ട്.

(ബി) ഇത്തരമൊരു നിർദ്ദേശം വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) കടൽ മണൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് അറിയുന്നതിനും അതിന്റെ ആകെ നിക്ഷേപം കണ്ടെത്തുന്നതിനും ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ പഠനം നടത്തിവരുന്നു.

നൊച്ചുമണ്ണിൽ പറമ്പിൽ നിന്നുള്ള അനധികൃത മണൽഖനനം

219(918) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്ക് കൊടുവള്ളി വില്ലേജ് റീസർവ്വെ 81/2-ൽപ്പെട്ട നൊച്ചുമണ്ണിൽ പറമ്പിൽ നിന്നുള്ള അനധികൃത മണൽ ഖനനം സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കുറ്റക്കാർക്കെതിരായി എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(സി) നടപടി സ്വീകരിക്കുന്നതിനെതിരായി കോടതിവിധി നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) അനധികൃത മണൽ ഖനനംമൂലമുണ്ടായ ഗർത്തം നികത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അനധികൃത മണൽ ഖനനം നടന്നത് ശ്രദ്ധയിൽപ്പെട്ട ഉടനെത്തന്നെ 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം കോഴിക്കോട് ജില്ലാ ഓഫീസിൽ നിന്നും തുടർ നടപടി ആരംഭിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങളിലെ ചട്ടം 60 ബി പ്രകാരം കുറ്റക്കാർക്കെതിരെ റവന്യൂ റിക്കവറി നടപടി ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് അനധികൃത ഖനനം നടന്ന സ്ഥലത്തിന്റെ യഥാർത്ഥ കൈവശക്കാരന്റെ വിലാസമടങ്ങിയ കൈവശാവകാശ സർട്ടിഫിക്കറ്റും ഖനനസ്ഥലം മാർക്ക് ചെയ്ത സർവ്വെ മാപ്പും ആവശ്യമാണ്. ആയത് ലഭ്യമാക്കണമെന്ന് കൊടുവള്ളി വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചതിനുശേഷമേ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) കോടതിവിധി നിലവിലുള്ളതായ രേഖകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം മണൽ ഖനനത്തിന് അനുമതി നൽകിയ സ്ഥലങ്ങളിൽ മാത്രമേ ഗർത്തം നികത്താനുള്ള ബാങ്ക് ഗ്യാരണ്ടി വാങ്ങി നടപടി സ്വീകരിക്കുവാൻ നിലവിലുള്ള നിയമം അനുശാസിക്കുന്നുള്ളൂ. അനധികൃത മണൽ ഖനനം നടന്ന സ്ഥലത്തു നിന്നും നിക്കം ചെയ്യപ്പെട്ട മണലിന്റെ റോയൽറ്റിയും പിഴയും ഈടാക്കാൻ മേൽ ചട്ടങ്ങളിലെ ചട്ടം 60 ബി പ്രകാരം കുറ്റക്കാർക്കെതിരെ റവന്യൂ റിക്കവറി നടപടി ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുവാനാണ് നിലവിലുള്ള നിയമം അനുശാസിക്കുന്നത്. ആയതിന് അനധികൃത ഖനനം നടന്ന സ്ഥലത്തിന്റെ യഥാർത്ഥ കൈവശക്കാരന്റെ വിലാസമടങ്ങിയ കൈവശാവകാശ സർട്ടിഫിക്കറ്റും ഖനനസ്ഥലം മാർക്ക് ചെയ്ത സർവ്വേ മാപ്പും ആവശ്യമാണ്. ആയത് ലഭ്യമാക്കാൻ കൊടുവള്ളി വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഖനനസ്ഥലം കൈവശക്കാരന്റെ സാന്നിദ്ധ്യത്തിൽ അളന്ന് മഹസ്സർ തയ്യാറാക്കി അളവ് തിട്ടപ്പെടുത്തേണ്ടതുണ്ട്. അതിനുശേഷമേ ചട്ടങ്ങൾ അനുശാസിക്കുന്ന തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെറിഫെഡ് പിരിച്ചുവിടുന്ന നടപടി

212(919) ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന സെറിഫെഡ് പിരിച്ചുവിടുന്ന നടപടി പൂർത്തിയായിക്കഴിഞ്ഞോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്ഥാപനത്തിലെ ആസ്തികൾ എപ്രകാരം ഏറ്റെടുക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ; ഇതിനായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് ;

(സി) ഇവിടെ ആകെ എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നത് ;

(ഡി) ഇവരെ ഏതൊക്കെ വകുപ്പുകളിലേക്ക് മാറ്റാനാണ് തീരുമാനിച്ചിരിക്കുന്നത് ; ഇതിനായി ഓരോ വകുപ്പിലും ഏതൊക്കെ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ ജീവനക്കാർക്ക് സ്ഥിരം നിയമനം നൽകുന്നത് സംബന്ധിച്ച് പി.എസ്.സി. സർക്കാരിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(എഫ്) ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly